# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 6025

28/10/2011 ൽ മറുപടിക്ക്

**അന്ത്യോദയ - അന്നപൂർണ്ണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്<br>,, മഞ്ഞളാംകുഴി അലി<br>,, കെ. എം. ഷാജി<br>,, പി. കെ. ബഷീർ | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഒരു രൂപ നിരക്കിലുള്ള അരി വിതരണ പദ്ധതി നടപ്പാക്കിയ സാഹചര്യത്തിൽ അന്ത്യോദയ - അന്നപൂർണ്ണ പദ്ധതികളുടെ പുനഃ പരിശോധന സംബന്ധിച്ച നിർദ്ദേശങ്ങളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) അന്ത്യോദയ - അന്നപൂർണ്ണ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ ആരെല്ലാമാണ്; വിശദവിവരം നൽകാമോ; | (ബി) സാമൂഹികമോ കുടുംബപരമോ ആയി ആലംബമില്ലാത്ത വിധവകളോ, വർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ അതിന് മുകളിലോ പ്രായമുള്ളവരോ നാഥ/ നാഥനായിട്ടുള്ള കുടുംബങ്ങൾ, 60 വയസ്സോ മുകളിലോ പ്രായമുള്ള ഏകയായ സ്ത്രീ/പുരുഷൻ; പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങൾ, കുഷ്ഠരോഗബാധിതർ, എച്ച്.ഐ.വി. ബാധിതർ എന്നിവരാണ് അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 65 വയസ്സ് തികഞ്ഞ, വാർദ്ധ്യക്യകാല പെൻഷൻ ലഭിക്കാൻ അർഹതയുള്ള, എന്നാൽ പെൻഷൻ ലഭിക്കാത്ത, അഗതികളെയാണ്. |

| | | | |
|---|---|---|---|
| (സി) | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ കണ്ടെത്തിയതിലെ അപാകത മൂലം അനർഹരായ ധാരാളം പേർ കുറഞ്ഞ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾക്ക് അർഹത നേടിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കുറഞ്ഞ വിലയിൽ വിതരണം ചെയ്യപ്പെടേണ്ട ഭക്ഷ്യധാന്യങ്ങൾ, കരിഞ്ചന്തയിലേയ്ക്കും, കാലിത്തീറ്റ നിർമ്മാണ കേന്ദ്രങ്ങളിലേയ്ക്കും മാറ്റപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ? | (ഡി) | പരിശോധിച്ചിട്ടുണ്ട്. 2011 ജനുവരി മുതൽ ആഗസ്ത് വരെ 15824 പരിശോധനകൾ നടത്തിയിട്ടുണ്ട്. പരിശോധനയിൽ 93283 കിലോഗ്രാം അരിയും 10396 കിലോഗ്രാം ഗോതമ്പും പിടിച്ചെടുക്കുകയും 11 വ്യക്തികളെ അറസ്റ്റ് ചെയ്യുകയും 5 പേരെ വിചാരണ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.